**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 678** **28-01-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വാങ്ങൽ കരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം കുറയുന്ന അവസരത്തിൽ പ്രതിദിനം ശരാശരി എത്ര രൂപയുടെ വൈദ്യുതിയാണ് പുറത്ത് നിന്ന് വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കഴിഞ്ഞ വർഷങ്ങളിലെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത അടിസ്ഥാനമാക്കി അടുത്ത ഒരു വർഷത്തെ വൈദ്യുതി ആവശ്യകതയും ലഭ്യതയും തമ്മിൽ തുലനം ചെയ്ത് കുറവ് വരുന്ന വൈദ്യുതി DEEP പോർട്ടൽ (short term) മുഖേന ടെൻഡർ ക്ഷണിക്കുകയും വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ കരാറുകളിൽ ഏർപ്പെടാറും ചെയ്യുന്നുണ്ട്. ഇപ്രകാരം 2024-25 വർഷത്തിൽ 1893 ദശലക്ഷം യൂണിറ്റ് വൈദ്യുതി 1236 കോടി രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.<br><br>സോളാർ പ്രൊഡ്യൂസർമാരുടെ ഉൾപ്പെടെ അമിതമായ പീക്ക് പവ്വർ ഉപഭോഗം മൂലം വൈദ്യുതി ഡിമാന്റ് ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യങ്ങളിൽ RTM (Real time market), DAM (Day ahead market) എന്നീ സംവിധാനങ്ങൾ മുഖേന വൈദ്യുതി വാങ്ങാറുണ്ട്. ഇപ്രകാരം 2024-25 വർഷത്തിൽ 2918 ദശലക്ഷം യൂണിറ്റ് വൈദ്യുതി 1880 കോടി രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.<br><br>2025 ഡിസംബർ മാസത്തിൽ ആഭ്യന്തര ഉൽപ്പാദനം പ്രതിദിനം ശരാശരി 21.72 മില്യൺ യൂണിറ്റ് വൈദ്യുതിയാണ്. ഓരോ മാസവുമുള്ള ജനറേഷൻ പ്ലാൻ പ്രകാരമാണ് വൈദ്യുതി ഉത്പാദനം നടത്തുന്നത്. 2025 ഡിസംബർ മാസത്തിൽ പ്രതിദിനം 1.73 കോടി രൂപയുടെ വൈദ്യുതി പവർ എക്സ്ചേഞ്ചുകളിൽ നിന്ന് വാങ്ങിയതായി KSEBL അറിയിച്ചിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വാങ്ങൽ കരാറുകൾ (പി.പി.എ)വഴി കെ.എസ്.ഇ.ബി.ക്ക് അധിക ബാധ്യത ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | ഇല്ല, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പുതിയ ദീർഘകാല കരാറുകളിൽ KSEBL-ന് ഏർപ്പെടേണ്ട ആവശ്യമുണ്ട്. വിവിധ വൈദ്യുതി ഉത്പാദകർ/ ഏജൻസികൾ മുഖാന്തരം വൈദ്യുതി വാങ്ങൽ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ കെ.എസ്.ഇ. ബി.എൽ-നു ലഭിക്കാറുണ്ട്. ഈ നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന്റെ മൂന്ന് തലങ്ങളിലുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ പരിശോധിച്ച് വൈദ്യുതി ലഭ്യത, ചിലവ് എന്നിവ വിശദമായി പരിശോധിച്ച് ഏറ്റവും അനുകൂലമായ നിർദ്ദേശങ്ങൾ മാത്രമേ സ്വീകരിക്കാറുള്ളൂ. ഇപ്രകാരമുള്ള പ്രൊപ്പോസലുകൾ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി മാത്രമേ കരാറിലേക്കു പോകാറുള്ളൂ. ആയതിനാൽ തന്നെ അധിക ബാധ്യതയാവാൻ സാധ്യതയുള്ള വൈദ്യുതി വാങ്ങാൻ കരാറുകൾ കെ. എസ്. ഇ. ബി. എൽ.-നു ഏർപ്പെടാൻ സാധിക്കുകയില്ല. |
| (സി) | കേന്ദ്ര സർക്കാരിന്റെ ആർ.ഡി.എസ്.എസ്. പദ്ധതി പ്രകാരമുള്ള സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന നടപടികൾ സംസ്ഥാനത്ത് ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (സി) | ബഹു മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 25.08.2023-ന് നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച ടോട്ടക്സ് മാതൃകയേക്കാൾ ചെലവ് കുറഞ്ഞ രീതിയിൽ ബദൽ മാതൃക തയ്യാറാക്കിയാണ് സ്മാർട്ട് മീറ്റർ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ 3 ലക്ഷത്തോളം മീറ്ററുകൾ (സർക്കാർ ഉപഭോക്താക്കൾ, ഹൈ ടെൻഷൻ ഉപഭോക്താക്കൾ, ട്രാൻസ്ഫോർമർ, ഫീഡർ, ബോർഡർ മീറ്ററുകൾ എന്നിവ) സ്മാർട്ട് മീറ്ററാക്കി മാറ്റാനാണ് തീരുമാനിച്ചത്. ടോട്ടക്സ് മാതൃകയിൽ ലഭിച്ച നിരക്കുകൾ ബദൽ മാതൃകയുമായി താരതമ്യം ചെയ്യുമ്പോൾ 33% മുതൽ 151% വരെ കൂടുതലായിരുന്നു. 2026 ആഗസ്റ്റ് 31ന് തീർക്കാൻ ഉദ്ദേശിച്ച ഈ പദ്ധതിയിൽ 2026 ജനുവരി 20 വരെ 1,71,285 മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. കേരളത്തിലെ എല്ലാ 11 കെ.വി, 22 കെ.വി ഫീഡറുകളിലെ മീറ്ററുകളും സ്മാർട്ട് മീറ്ററായി മാറി. സോളാർ, ടി.ഒ.ഡി, ഇ.വി പോലുള്ള പ്രത്യേക വിഭാഗങ്ങൾ ഒഴികെ ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞു. ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകളും ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ മീറ്ററുകളും സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.<br><br>ബദൽ മാതൃക പ്രകരമുള്ള രണ്ടാം ഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയുടെ ടെണ്ടർ നടപടികൾ കെ.എസ്.ഇ.ബി.എൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 35 ലക്ഷം ഉപഭോക്താക്കളുടെ മീറ്ററുകൾ സ്മാർട്ട് മീറ്ററായി മാറ്റുന്നതും, 15 ലക്ഷത്തോളം പുതിയ കണക്ഷനുകൾ സ്മാർട്ട് മീറ്റർ ഉപയോഗിച്ച് നൽകുന്നതും ഉൾപ്പെടെ 50 ലക്ഷം മീറ്ററുകൾ സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ചെയ്യുന്നത്. പ്രതിമാസം 150 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ, പ്രതിമാസ |

| | | | |
|---|---|---|---|
| | | | ബില്ലിങ്ങ് ഉപഭോക്താക്കൾ, സോളാർ ഉപഭോക്താക്കൾ, സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ മുതലായവരാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുന്നത്. 2028 മെയ് മാസത്തോടെ ഈ ഘട്ടം പൂർത്തിയാക്കാനാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് ലക്ഷ്യമിടുന്നത്. |
| (ഡി) | സ്വന്തം നിലയിൽ മീറ്ററുകൾ നിർമ്മിക്കുമെന്ന കെ.എസ്.ഇ.ബി.യുടെ പ്രഖ്യാപനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | കെഎസ്ഇബി സ്വന്തം നിലയിൽ മീറ്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.<br><br>ആർ ഡി എസ് എസ് പദ്ധതിയുടെ ഭാഗമായി സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുമ്പോൾ മിക്ക സംസ്ഥാനങ്ങളും ടോട്ടക്സ് മാതൃക പിന്തുടർന്നപ്പോൾ ആയത് ഉപഭോക്താക്കളിൽ അമിതഭാരം വരുന്നതിലേക്ക് നയിക്കാം എന്നതും Totex മാതൃക ഭാവിയിൽ കെഎസ്ഇബിക്ക് ഗുണകരമാകാൻ ഇടയില്ല എന്നതും കണക്കിലെടുത്ത് ബദൽ സംവിധാനം പരീക്ഷിക്കാനാണ് തീരുമാനിച്ചത് .<br><br>ഇത് പ്രകാരം ഒന്നാം ഘട്ടത്തിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ് ആദ്യം കെഎസ്ഇബി വഹിക്കുന്ന വിധത്തിൽ CAPEX മാതൃക പിന്തുടരുന്നതാകും അഭികാമ്യം എന്ന് നിശ്ചയിച്ചിരുന്നു. ഇതാകും കെഎസ്ഇബി മീറ്റർ നിർമ്മിക്കും എന്ന വിധത്തിൽ വ്യാഖ്യാനിക്കാൻ ഇടയാക്കിയത് എന്ന് KSEBL റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ